പിന്നോക്കസമുദായക്കാരുടെ ഭൂമിപതിവു്

*൩ ൫ ൧. (ഫ്ര) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂറിലെ പിന്നോക്കവർഗ്ഗക്കാർക്കു് സൌജന്യവ്യവസ്ഥയിൽ ഭൂമി പതിച്ചു നൽകാൻ അംഗീകരിച്ചിരുന്ന നയവും പരിപാടിയും നിഷേധിക്കപ്പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതു് ഏതുമുതലാണു് പ്രയോഗത്തിൽ വരുത്തിയിട്ടുള്ളതു് ?

(സി) ഇല്ലെങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ തിരുവിതാംകൂറിൽ സൌജന്യവ്യവസ്ഥയിൽ എത്ര ഏക്കർ സ്ഥലം ഇവർക്കു് പതിച്ചു നൽകാൻ സാധിച്ചു ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) പതിവൽപാട്ടപ്രകാരമുള്ള എല്ലാ പതിവുകളും നിരോധിച്ചിട്ടുണ്ടു്.

(ബി) ഫസ്ൽ ൭ ഒക്ടോബർ ൧ ൦—൦൦൭- മുതൽ.

(സി) ബി.യ്ക്കുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ഇതു് ഉദിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : നിരോധനം ഉണ്ടാകാൻ പ്രത്യേകകാരണം വല്ലതുമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്. പിന്നോക്കവർഗ്ഗക്കാർക്കു് സൌജന്യവ്യവസ്ഥയിൽ കൊടുത്ത പല ഭൂമികളും മുതലാളികൾ കൈവശപ്പെടുത്തുന്നതിനും മുതലാളികൾക്കു് വില്ക്കുന്നതിനും ഇടയായിട്ടുണ്ടു് എന്നുള്ള വിവരം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : യാതൊരു കാരണവശാലും കൈമാറ്റം പാടില്ലെന്ന വ്യവസ്ഥയിൽ ഭൂമി പതിച്ചുകൊടുക്കരുതോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ കൊടുക്കുന്നതു് ആ വ്യവസ്ഥയിലാണു്.

ശ്രീ. എ. താണുപിള്ള : മുമ്പെ പറഞ്ഞതുപോലെയല്ലാത്ത ഭൂമികൾ നിരോധിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫസ്ൽ ൭൨-ലെ ജി. ഒ. പ്രകാരം സകലതും നിരോധിച്ചിരിക്കയാണു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : സൌജന്യനിരക്കിൽ പതിച്ചുകൊടുത്തിട്ടുള്ള ഭൂമി എത്ര ഏക്കർ ഉണ്ടെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു പ്രത്യേകസ്റ്റാറ്റിസ്റ്റിക്സ് എടുത്തിട്ടില്ല.

ശ്രീ. ഇട്ടീര അച്യുതൻ : മുതലാളികൾ കൈവശപ്പെടുത്തിയതു് ബലം പ്രയോഗിച്ചാണോ പ്രതിഫലം കൊടുത്തിട്ടാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നിശ്ചയമില്ല. മിക്കവാറും പ്രതിഫലം കൊടുത്തിട്ടായിരിക്കാം.

Sri. P. Balakrishnan Tampi : Are Government aware that unless there is some legislation, Government would not be able to take back the lands once registered to these people ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവൺമെണ്ടു് അതേപ്പറ്റി ആലോചിക്കുന്നതാണു്.

FOREST CONTRACTORS

***652.** [14] **Sri. K. Ramachandran :** Will the Hon'ble Minister for Forest be pleased to state whether Government are aware that old accounts of Forest contractors are long outstanding and that logs delivered are kept down by D. F. Os. for the same reason ?

Sri. Panampilli Govinda Menon : Sir, according to the conditions of the agreement with the Forest contractors in the Travancore Division, the contractors are entitled to get either a part of the fixed *kolevila* rate or percentage of sale proceeds whichever is lower. On completing the work, the contractors are paid 50 per cent of the fixed rate. The balance will be paid only after the sale of timber extracted is over. It takes sometimes two or three years and consequently the closing of accounts is delayed. However, Government will see that in future Contractors are given fixed rates as soon as the work is finished.

LIBRARY ARCHIVES Kerala Legislative Assembly